**Desabhimani**

**20 July 2018**

**Kochi, Flood, Heavy Rain, Relief Camps**

# വീട് വിട്ടുപോകേണ്ടി വന്നത് 5000 പേർക്ക്

**കൊച്ചി**

മഴക്കെടുതിയെ തുടർന്ന് വീടുവിട്ട് 49 ക്യാമ്പുകളിലായി അഭയം തേടിയവരുടെ എണ്ണം വ്യാഴാഴ്ച 5099 ആണ്. ചില സ്ഥലങ്ങളിൽ ക്യാമ്പുകൾ നിർത്തിയെങ്കിലും ജലനിരപ്പുയർന്നതിനെ തുടർന്ന് പുതിയ ക്യാമ്പുകൾ തുറന്നു. മഴ ശമിക്കുകയാണെങ്കിൽ രണ്ട് ദിവസത്തിനുള്ളിൽ ക്യാമ്പുകൾ നിർത്താനാകുമെന്ന പ്രതീക്ഷയിലാണ് ജില്ലാ അധികൃതർ.

ഏറ്റവുമധികം ക്യാമ്പുകളുള്ളത് പറവൂർ താലൂക്കിലാണ്; 19. ഏലൂർ, കരുമാല്ലൂർ, കോട്ടുവള്ളി, കുന്നുകര, ആലങ്ങാട്, പുത്തൻവേലിക്കര എന്നിവിടങ്ങളിലെ ക്യാമ്പുകളിലായി 2495 പേരുണ്ട്. കൊച്ചി താലൂക്കിൽ ചെല്ലാനത്തെ രണ്ട് ക്യാമ്പുകളിലും എളങ്കുന്നപ്പുഴയിലെ ഒരു ക്യാമ്പിലുമായി 912 പേരാണുള്ളത്. മൂവാറ്റുപുഴ താലൂക്കിൽ ഒമ്പത് ക്യാമ്പുകളാണുള്ളത്. മാറാടി, പിറവം, തിരുമാറാടി, വാളകം, മൂവാറ്റുപുഴ എന്നിവിടങ്ങളിലായി തുടരുന്ന ക്യാമ്പുകളിൽ 572 പേർ കഴിയുന്നു. കോതമംഗലത്ത് 118 പേരെയാണ് ക്യാമ്പുകളിലേക്ക് മാറ്റിയത്.

കണയന്നൂർ താലൂക്കിൽ 12 ക്യാമ്പുകൾ പ്രവർത്തിക്കുന്നു. ഇടപ്പള്ളി കുന്നുംപുറം, വെണ്ണല, കമ്മട്ടിപ്പാടം, ഇരുമ്പനം, കളമശേരി വിടാക്കുഴ, എച്ച്എംടി കോളനി, തുതിയൂർ, തൃപ്പൂണിത്തുറ മേക്കര, തോണ്ടൂർ, പാമ്പാടിത്താഴം, ആമ്പല്ലൂർ പാറക്കരി എന്നിവിടങ്ങളിലെ ദുരിതബാധിത മേഖലകളിൽ നിന്നുള്ളവർക്കായി തുറന്നിട്ടുള്ള ക്യാമ്പുകളിൽ 546 പേരാണുള്ളത്. ആലുവയിൽ ചെങ്ങമനാട്, നെടുമ്പാശേരി, പാറക്കടവ് പഞ്ചായത്തുകളിലെ നാല് ക്യാമ്പുകളിൽ 412 പേരും തുടരുന്നു. കുന്നത്തുനാട് താലൂക്കിൽ പൂതൃക്ക പഞ്ചായത്തിലെ കറുകപ്പള്ളി എൽപി സ്കൂളിലെ ക്യാമ്പിലുണ്ടായിരുന്ന 44 പേർ വൈകുന്നേരത്തോടെ വീടുകളിലേക്ക് മടങ്ങി.